ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-13

# കോറഹ് അഥവാ ഖാറൂൻ

● ഇ.സി സൈമൺ മാസ്റ്റർ

**ഖുർആനിൽ** പ്രതിപാദിച്ച അതിസമ്പന്നനായ ഒരാളാണ് ഖാറൂൻ. സമ്പത്തിൽ മതിമറക്കുകയും ആ പണംകൊണ്ട് നന്മയൊന്നും ചെയ്യാതെ എല്ലാം സ്വന്തം കഴിവുകൊണ്ടുണ്ടായതാണെന്നും തന്റെ ഇഷ്ടമനുസരിച്ച് ചെലവു ചെയ്യാമെന്നും ധരിച്ചു ജീവിച്ച ആളായിരുന്നു അയാൾ. മൂസാനബിയുടെ ജനതയിൽ പെട്ടവനായിരുന്നെങ്കിലും അളവറ്റ ധനത്തിൽ അഹങ്കരിച്ച് ധിക്കാരിയായിത്തീർന്ന അയാൾ മൂസാ നബിയുടെ നേതൃത്വത്തെയും എതിർത്തു സംസാരിച്ചു. നിവൃത്തിയില്ലാതായപ്പോൾ നബി പ്രാർഥിക്കുകയും ആകാശത്തുനിന്ന് ശിക്ഷയിറങ്ങുകയും ചെയ്തു. എക്കാലത്തെയും അക്രമികൾക്കുള്ള മുന്നറിയിപ്പായി ഖുർആൻ ആ ശിക്ഷ ഇങ്ങനെ വിവരിക്കുന്നു:

"ഖാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. അവൻ അവർക്കെതിരെ അതിക്രമം കാണിച്ചു. നാം അവന്ന് ധാരാളം ഖജനാവുകൾ നൽകി. ഒരുകൂട്ടം മല്ലന്മാർപോലും അവയുടെ താക്കോൽകൂട്ടം ചുമക്കാൻ ഏറെ പ്രയാസപ്പെട്ടിരുന്നു. അയാളുടെ ജനത ഇങ്ങനെ പറഞ്ഞ സന്ദർഭം: 'നീ അഹങ്കരിക്കരുത്. അഹങ്കരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

അല്ലാഹു നിനക്കു തന്നതിലൂടെ നീ പരലോകവിജയം തേടുക. എന്നാൽ ഇവിടെ ഇഹലോക ജീവിതത്തിൽ നിനക്കുള്ള വിഹിതം മറക്കാതിരിക്കുക. അല്ലാഹു നിനക്കു നന്മ ചെയ്തപോലെ നീയും നന്മ ചെയ്യുക. നാട്ടിൽ നാശം വരുത്താൻ തുനിയരുത്. നാശകാരികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

ഖാറൂൻ പറഞ്ഞു: 'എനിക്കിതൊക്കെ കിട്ടിയത് എന്റെ വശമുള്ള വിദ്യകൊണ്ടാണ്.'

അവനറിഞ്ഞിട്ടില്ലേ; അവനുമുമ്പ് അവനേക്കാൾ കരുത്തും സംഘബലവുമുണ്ടായിരുന്ന അനേകം തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന്. കുറ്റവാളികളോട് അവരുടെ കുറ്റങ്ങളെക്കുറിച്ച് ചോദിക്കുക പോലുമില്ല.

അങ്ങനെ അവൻ എല്ലാവിധ ആർഭാടങ്ങളോടുംകൂടി ജനത്തിനിടയിലേക്ക് ഇറങ്ങിത്തിരിച്ചു. അതുകണ്ട് ഐഹിക ജീവിതസുഖം കൊതിക്കുന്നവർ പറഞ്ഞു: 'ഖാറൂന് കിട്ടിയതു പോലുള്ളത് ഞങ്ങൾക്കും കിട്ടിയിരുന്നെങ്കിൽ! ഖാറൂൻ മഹാഭാഗ്യവാൻ തന്നെ.'

എന്നാൽ അറിവുള്ളവർ പറഞ്ഞതിങ്ങനെയാണ്: 'നിങ്ങൾക്കു നാശം! സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവന് അല്ലാഹുവിന്റെ പ്രതിഫലമാണ് ഏറ്റം നല്ലത്. എന്നാൽ ക്ഷമാശീലർക്കല്ലാതെ അതു ലഭ്യമല്ല.'

അങ്ങനെ അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തി, അപ്പോൾ അല്ലാഹുവെക്കൂടാതെ അവനെ സഹായിക്കാൻ അവന്റെ കക്ഷികളാരുമുണ്ടായിരുന്നില്ല. സ്വന്തത്തിന് സഹായിയാകാൻ അവനു സാധിച്ചതുമില്ല.

അതോടെ ഇന്നലെ അവന്റെ സ്ഥാനം മോഹിച്ചിരുന്ന അതേ ആളുകൾ പറഞ്ഞു: കഷ്ടം! അല്ലാഹു തന്റെ ദാസന്മാരിൽ അവനിച്ഛിക്കുന്നവർക്ക് ഉപജീവനം ഉദാരമായി നൽകുന്നു. അവനിച്ഛിക്കുന്നവർക്ക് ഇടുക്കം വരുത്തുകയും ചെയ്യുന്നു. അല്ലാഹു നമ്മോട് ഔദാര്യം കാണിച്ചില്ലായിരുന്നുവെങ്കിൽ നമ്മെയും അവൻ ഭൂമിയിൽ ആഴ്ത്തിക്കളയുമായിരുന്നു. കഷ്ടം! സത്യനിഷേധികൾ വിജയം വരിക്കുകയില്ല" (28:76-82).

ബൈബിളിലുമുണ്ട് ഖാറൂനിനെപ്പറ്റി വിശദമായ വിവരണങ്ങൾ. കോറഹ് എന്നാണ് ബൈബിളിൽ ഖാറൂനിന്റെ പേര്. മൂസാ നബിക്കും ഹാറൂൻ നബിക്കും എതിരായി ഖാറൂനും കൂട്ടരും നടത്തിയ ദുഷ്കൃത്യങ്ങളും വിമർശനങ്ങളും ചൂണ്ടിക്കാണിച്ചശേഷം അവർക്കു കിട്ടിയ ദൈവികശിക്ഷ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"മോശ (മൂസാ നബി) കുപിതനായി. അവൻ യഹോവയായ ദൈവത്തോടു പ്രാർഥിച്ചു: ദൈവമേ, അവരുടെ കാഴ്ച യിൽ സ്വീകരിക്കരുതേ! ഞാൻ അവരുടെ ഒരു കഴുതയെപ്പോലും എടുത്തിട്ടില്ല; അവരിലാരെയും ദ്രോഹിച്ചിട്ടുമില്ല. മോശ കോറഹിനോടു പറഞ്ഞു: നീയും നിന്റെ അനുയായികളും നാളെ കർത്താവിന്റെ മുമ്പിൽ ഹാജരാകണം. നിങ്ങളോടൊപ്പം അഹറോനും (ഹാറൂൻ നബി) ഉണ്ടായിരിക്കും. ഓരോരുത്തരും സ്വന്തം ധൂപകലശത്തിൽ കുന്തുരക്കമിട്ട് കർത്താവിന്റെ സന്നിധിയിൽ കൊണ്ടുവരണം; ആകെ ഇരുനൂറ്റമ്പത് ധൂപകലശങ്ങൾ. നീയും അഹറോനും സ്വന്തം ധൂപകലശവുമായി വരണം. ഓരോരുത്തനും തന്റെ ധൂപകലശമെടുത്ത് അതിൽ തീയും കുന്തുരുക്കവുമിട്ട് മോശയോടും അഹറോനോടും ഒപ്പം സമാഗമ കൂടാരത്തിന്റെ വാതിൽക്കൽ നിന്നു. കോറഹ് സമൂഹത്തെ മുഴുവൻ സമാഗമ കൂടാര വാതിൽക്കൽ മോശയ്ക്കും അഹറോനും എതിരെ ഒരുമിച്ചുകൂട്ടി. അപ്പോൾ യഹോവയായ ദൈവത്തിന്റെ മഹത്വം സമൂഹത്തിനു മുഴുവൻ കാണപ്പെട്ടു.

ദൈവം മോശയോടും അഹറോനോടും അരുളിച്ചെയ്തു: ഞാനിവരെ ഇപ്പോൾ സംഹരിക്കും. ഇവരിൽനിന്നു മാറിക്കൊള്ളുവിൻ. അവർ താണുവീണു പറഞ്ഞു: സകലജനത്തിനും ജീവൻ നൽകുന്ന ദൈവമേ, ഒരു മനുഷ്യൻ പാപം ചെയ്തതിന് അങ്ങ് സമൂഹം മുഴു

വനോടും കോപിക്കുമോ? കർത്താവ് മോശയോട് അരുളി ച്ചെയ്തു: കോറഹ്, ദാത്താൻ, അബീറാം എന്നിവരുടെ വീടുകളുടെ പരിസരത്തുനിന്നു മാറിപ്പോകാൻ ജന ത്തോടു പറയുക.

അപ്പോൾ മോശ ദാത്താന്റെയും അബീറാമിന്റെയും അടുത്തേക്കു ചെന്നു. ഇസ്രായേലിലെ ശ്രേഷ്ഠന്മാർ അവനെ അനുഗമിച്ചു. മോശ സമൂഹത്തോടു പറഞ്ഞു: ഇവരുടെ പാപത്തിൽപെട്ട് നശിക്കാതിരിക്കേണ്ടതിന് ഈ ദുഷ്ടന്മാരുടെ കൂടാരങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി നിൽ ക്കുവിൻ; അവരുടെ വസ്തുക്കളെപ്പോലും സ്പർശിക്കരു ത്. കോറഹ്, ദാത്താൻ, അബീറാം എന്നിവരുടെ കൂടാര ങ്ങളുടെ പരിസരങ്ങളിൽനിന്ന് ജനം ഒഴിഞ്ഞുമാറി. ദാത്താനും അബീറാമും ഭാര്യമാരോടും മക്കളോടും കുഞ്ഞുങ്ങളോടും കൂടെ പുറത്തുവന്ന് തങ്ങളുടെ കൂടാര ങ്ങളുടെ വാതിൽക്കൽനിന്നു. മോശ പറഞ്ഞു: ഈ പ്രവൃ ത്തികൾ ചെയ്യാൻ ദൈവമാണ് എന്നെ നിയോഗിച്ച തെന്നും അവയൊന്നും ഞാൻ സ്വമേധയാ ചെയ്തത ല്ലെന്നും ഇതിൽനിന്ന് നിങ്ങൾ അറിയും. എല്ലാ മനു ഷ്യരും മരിക്കുന്നതുപോലെയാണ് ഇവർ മരിക്കുന്നതെ ങ്കിൽ എല്ലാ മനുഷ്യരുടെയും വിധിതന്നെയാണ് ഇവർ ക്കും സംഭവിക്കുന്നതെങ്കിൽ, ദൈവം എന്നെ അയച്ചിട്ടി ല്ല. എന്നാൽ കർത്താവിന്റെ അത്ഭുതശക്തിയാൽ ഭൂമി വാ പിളർന്ന് അവരെയും അവർക്കുള്ളവയെയും വിഴു ങ്ങുകയും ജീവനോടെ പാതാളത്തിലേക്ക് കൊണ്ടുപോ വുകയും ചെയ്യുന്നതെങ്കിൽ, അവർ കർത്താവിനെ നിന്ദി ച്ചിരിക്കുന്നുവെന്നു നിങ്ങൾ അറിയും.

മോശ ഇതു പറഞ്ഞു കഴിഞ്ഞപ്പോഴേക്കും അവർക്കു താഴെ നിലം പിളർന്നു. ഭൂമി വാ പിളർന്ന് കോറഹിനെയും അനുചരന്മാരെയും അവരുടെ കുടും ബാംഗങ്ങളോടും വസ്തുവകകളോടും കൂടെ വിഴുങ്ങിക്ക ളഞ്ഞു. അവരും അവരോട് ബന്ധപ്പെട്ടവരും ജീവനോടെ പാതാളത്തിൽ പതിച്ചു. ഭൂമി അവരെ മൂടി. അങ്ങനെ ജന മധ്യത്തിൽനിന്ന് അവർ അപ്രത്യക്ഷരായി. അവരുടെ നിലവിളികേട്ട് ചുറ്റും നിന്ന ഇസ്രായേല്യർ ഭൂമി നമ്മെ ക്കൂടി വിഴുങ്ങിക്കളയാതിരിക്കട്ടെ എന്നു പറഞ്ഞ് ഓടിയ കന്നു. കർത്താവിൽനിന്ന് അഗ്നിയിറങ്ങി ധൂപാർച്ചന നട ത്തിക്കൊണ്ടിരുന്ന ഇരുനൂറ്റിയമ്പതുപേരെയും ദഹിപ്പിച്ചു കളഞ്ഞു" (സംഖ്യ 16:15-35).

അല്ലാഹുവിനു വഴങ്ങാതെ അവനെ ധിക്കരിച്ചു ജീവിക്കുന്ന അഹങ്കാരികൾക്ക് ശിക്ഷ ഉറപ്പാണെന്നു സ്ഥാപിക്കുകയാണ് ഖാറൂൻ സംഭവത്തിൽകൂടി ഇരു ഗ്ര ന്ഥങ്ങളും. ■